'ഭരണഭാഷ- മാതൃഭാഷ'

പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2716 6/11/2019ൽ മറുപടിയ്ക്ക്

സംസ്ഥാനത്തെ സ്വാഭാവിക വനം പുഷ്ടിപ്പെടുത്തുന്നതിന് നടപടി

| ചോദ്യം<br>ശ്രീ. സി. ദിവാകരൻ : | | മറുപടി<br>അഡ്വ.കെ.രാജു<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ വനമേഖലയിലുള്ള തേക്ക് പ്ലാന്റേഷനുകൾ മുറിച്ച് മാറ്റി സ്വാഭാവിക വനം പുഷ്ടിപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്തെ വനമേഖലയിൽ മൊത്തമായി തേക്ക് പ്ലാന്റേഷനുകൾ മുറിച്ചുമാറ്റി സ്വാഭാവികവനം പുഷ്ടിപ്പെടുത്തു ന്നതിനുള്ള ഒരു നടപടിയും സ്വീകരിച്ചിട്ടില്ല. എന്നാൽ വന്യജീവി സങ്കേതത്തി നുള്ളിലെ തേക്കു തോട്ടങ്ങൾ മുറിച്ചു മാറ്റി സ്വാഭാവികവനം വച്ചു പിടിപ്പിക്കുന്നതിനുള്ള സാദ്ധ്യത സംബന്ധിച്ച പഠനം നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. റിപ്പോർട്ട് ലഭിച്ച ശേഷം ആയതിനുള്ള അനുമതിക്കായി കേന്ദ്ര സർക്കാരിനെ സമീപിക്കും. കേന്ദ്രാനുമതി ലഭിച്ചാൽ വന്യജീവി സങ്കേതങ്ങൾക്കുള്ളിലെ തേക്ക് പ്ലാന്റേഷനുകൾ മുറിച്ചുമാറ്റി സ്വാഭാവികവനം സൃഷ്ടിക്കാനാണ് ഉദ്ദേശിക്കുന്നത്. |

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത വിഷയം പഠിക്കാൻ കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ടോ, എങ്കിൽ വിശദാംശം നൽകുമോ? | (ബി) | കേരളത്തിലെ വനമേഖലയിലെ തേക്ക് ഉൾപ്പെടെയുള്ള തോട്ടങ്ങൾക്ക് പകരം സ്വാഭാവികവനം വച്ചുപിടിപ്പിക്കുന്നതിനുള്ള സാധ്യത സംബന്ധിച്ച് പഠനം നടത്തുന്നതിനുള്ള ഒരു വിദഗ്ധ സമിതി രൂപീകരിച്ചുകൊണ്ട് 10.05.2019ൽ സ.ഉ.(സാധാ)നം.168/2019/വനം പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റിയിൽ താഴെ പറയുന്നവർ അംഗങ്ങളായിട്ടുണ്ട്.<br><br>1. ശ്രീ. അൻജൻ കുമാർ, IFS,<br><br>ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വൈൽഡ് ലൈഫ്) , പാലക്കാട് - ചെയർമാൻ<br><br>2 . ഡോ. ഇ. കുഞ്ഞികൃഷ്ണൻ (റിട്ട. പ്രൊഫസർ,സുവോളജി) - മെമ്പർ.<br><br>3. ഡോ. പി. ബാലകൃഷ്ണൻ, വന്യജീവി ശാസ്ത്രജ്ഞൻ, കേരള ഫോറസ്റ്റ് റിസർച്ച്ഇൻസ്റ്റിറ്റ്യൂട്ട് - മെമ്പർ.<br><br>4. ഡോ. പി. ഒ. നമീർ, പ്രൊഫസർ & ഹെഡ്,ഡിപ്പാർട്ട്മെന്റ് ഓഫ് വൈൽഡ് ലൈഫ്സയൻസ്, ഫോറസ്റ്റി കോളേജ് - മെമ്പർ.<br><br>5. ശ്രീ. ജയിംസ് സക്കറിയ,<br><br>റിട്ട. അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ - മെമ്പർ. |

സെക്ഷൻ ഓഫീസർ